നമ്പർ G1-5685/2016

ജയിൽ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം
തീയതി : 29-03-2016

**സർക്കുലർ നമ്പർ 23/2016**

വിഷയം :- ജയിലുകൾ – ബഹു: ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ന്റെ ജയിൽ സന്ദർശനം -സംബന്ധിച്ച്

25-03-2016 തീയതിയിൽ കണ്ണൂർ വനിതാ ജയിൽ & കറക്ഷണൽ ഹോം സന്ദർശിച്ച ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ടി ജയിലിൽ അന്തേവാസികൾക്ക് തൊഴിലവസരങ്ങൾ നൽകുന്നതിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ നേരിട്ട് കാണുകയുണ്ടായി. ഡയറിഫാം, ടെയിലറിംഗ്, എംബ്രോയിഡറി, കുടനിർമ്മാണം, തുണി ഉപയോഗിച്ചുകൊണ്ടുള്ള ചവിട്ടുമെത്ത നിർമ്മാണം, കൃഷി തുടങ്ങിയ തൊഴിലുകളിൽ ടി ജയിലിലെ അന്തേവാസികൾ താല്പര്യപൂർവ്വം വ്യാപൃതരായിട്ടുള്ളതായി ബോധ്യപ്പെടുകയുണ്ടായി. ഇത്തരം പദ്ധതികൾ ജയിലിൽ വിജയകരമായി നടത്തുന്നതിന് ജയിൽ സൂപ്രണ്ടും മറ്റ് ഉദ്യോഗസ്ഥരും പ്രത്യേകം താല്പര്യവും ശുഷ്കാന്തിയും കാണിക്കുന്നതായും ബോധ്യപ്പെടുകയുണ്ടായി.

ശിക്ഷാ തടവുകാരെ പാർപ്പിക്കുന്ന മറ്റ് ജയിലുകളിലും അനുയോജ്യമായ ഇത്തരം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് സൂപ്രണ്ടുമാർ പ്രത്യേക ശ്രദ്ധയും താല്പര്യവും എടുക്കേണ്ടതാണ്. സംസ്ഥാനത്തെ മറ്റുള്ള വനിതാ ജയിലുകളിൽ പ്രായോഗികമായ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് സൂപ്രണ്ടുമാർ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

29/3

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ് :-
മേഖല ഡിഐ.ജിമാർ/ ചീഫ് വെൽഫെയർ ഓഫീസർ/സൂപ്രണ്ട്, ജനറൽ സെക്ഷൻ/ ഫയൽ/കരുതൽ ഫയൽ

റ്റി.എസ്